SUNDAY 16/11/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT**

**GOVERNMENT OF KERALA**

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/11/2025

1. മാറുന്ന കാലാവസ്ഥാ സാഹചര്യത്തിൽ സുസ്ഥിര കൃഷിക്ക് ഭീഷണിയാകുന്ന കളകളെ കൈകാര്യം ചെയ്യുന്നതിനുള്ള നവീന തന്ത്രങ്ങൾ ചർച്ച ചെയ്യാൻ രാജ്യാന്തര സെമിനാർ സംഘടിപ്പിക്കുന്നു. വെള്ളായണി കാർഷിക കോളജ്, അഗ്രോണമി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഈ മാസം 27, 28 തീയതികളിലാണ് സെമിനാർ നടത്തും. കാലാവസ്ഥ മാറ്റം കളകളുടെ വളർച്ചയിലും വ്യാപനത്തിലും വരുത്തുന്ന മാറ്റങ്ങൾ സെമിനാറിൽ പ്രധാന ചർച്ചാവിഷയമാകും. ഓസ്ട്രേലിയയിലെ ക്വീൻസ് ലാൻഡ് യൂണിവേഴ്സിറ്റിയിലെ ഡോ. ബി.എസ്. ചൗഹാൻ മുഖ്യപ്രഭാഷണം നടത്തും. ഐ.സി.എ.ആർ. – ഐ.എ.ആർ.ഐ., ഐ.സി.എ.ആർ. –സി.ടി.സി.ആർ.ഐ., ടി.എൻ.എ.യു. ഉൾപ്പെടെയുള്ള പ്രമുഖ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ പങ്കെടുക്കും. സെമിനാർ സെഷനുകളിൽ പങ്കെടുക്കുന്നവർക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ www.cwis2025.com. എന്ന വെബ് സൈറ്റിൽനിന്നു ലഭിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. അസംഘടിത മേഖലയിലെ റബ്ബർതോട്ടം തൊഴിലാളികൾക്കായി റബ്ബർബോർഡ് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നു. റബ്ബർ ടാപ്പർമാർ, റബ്ബറുത്പാദക സംഘങ്ങളിലെ സമൂഹ സംസ്കരണ ശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ, ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള സ്വന്തം റബ്ബർതോട്ടത്തിൽ റെയിൻഗാർഡ് ചെയ്ത നൂറ് മരങ്ങളിലെങ്കിലും സ്വയം ടാപ്പിങ് നടത്തുന്ന കർഷകർ എന്നിവർക്ക് ഈ പദ്ധതിയിൽ ചേരാം. അപേക്ഷകർ 18-നും 59-നും ഇടയിൽ പ്രായമുള്ളവരും കുറഞ്ഞത് ഒരു വർഷമായി ജോലിയിൽ തുടരുന്നവരും ആയിരിക്കണം. പദ്ധതിയിൽ തുടരുന്ന ഗുണഭോക്താക്കൾക്ക് 60 വയസ്സ് വരെ സ്വാഭാവിക മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയുടെയും അപകടമരണമോ വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള മരണമോ സംഭവിച്ചാൽ അഞ്ച് ലക്ഷം രൂപയുടെയും അപകടം മൂലം പൂർണ അംഗവൈകല്യം സംഭവിച്ചാൽ രണ്ട് മുതൽ നാല് വരെ ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. 60 വയസ്സ് കഴിഞ്ഞ ഗുണഭോക്താക്കൾക്ക് അപകടമരണമോ വന്യമൃഗ ആക്രമണം മൂലമുള്ള മരണമോ സംഭവിച്ചാൽ നാല് ലക്ഷം രൂപയുടെയും അപകടം മൂലം

പൂർണ അംഗവൈകല്യം സംഭവിച്ചാൽ രണ്ട് മുതൽ നാല് വരെ ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഓരോ വർഷവും പ്രീമിയം തുക അടച്ച് 70 വയസ്സ് വരെ പദ്ധതി പുതുക്കാവുന്നതാണ്. എന്നാൽ, 60 വയസ്സിനുശേഷം അംഗങ്ങൾക്ക് ആവശ്യമെങ്കിൽ പദ്ധതിയിൽ നിന്നും പിന്മാറാവുന്നതാണ്. ഇത്തരക്കാർക്ക് പദ്ധതിക്കാലയളവിൽ അടച്ച മൊത്തം പ്രീമിയം തുകയ്ക്ക് ആനുപാതികമായി ഒരു തുക ടെർമിനൽ ആനുകൂല്യമായി ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് ലഭിക്കും. ഗുണഭോക്താവ് അടയ്ക്കേണ്ട ഏറ്റവും കുറഞ്ഞ പ്രീമിയം തുക 300 രൂപയാണ്. ഓരോ ഗുണഭോക്താവിനും വേണ്ടി 900 രൂപ വീതം റബ്ബർബോർഡിന്റെ വിഹിതമായി ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കും. പദ്ധതിയിൽ ചേരാനുള്ള അവസാന തീയതി **2025 ഡിസംബർ 10 ആണ്.** കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളുമായോ കോട്ടയത്തെ കേന്ദ്ര ഓഫീസിലെ തൊഴിലാളിക്ഷേമ വിഭാഗവുമായോ ബന്ധപ്പെടാവുന്നതാണ്. ഫോൺ –0481 2301231 (എക്സ്റ്റൻഷൻ –336)

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"നഴ്സറി പരിപാലനവും സസ്യപ്രവർദ്ധന (ബഡിംഗ് & ഗ്രാഫിറ്റിംഗ്) രീതികളും"** എന്ന വിഷയത്തില് **2025 നവംബർ 17ന്** ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ (UPIid kvkthrissur.527@sbi). താൽപര്യമുള്ളവര് 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതല് വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ **ശുദ്ധജല മത്സ്യകൃഷി (വരാൽ, തിലോപ്പിയ)**, എന്ന വിഷയത്തിൽ 18.11.2025 തീയതിയിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ 8547070773 എന്ന ഫോൺ നമ്പറിൽ 17.11.2025 തീയതിക്കു മുമ്പായി ബന്ധപ്പെടുക. പരിശീലനഫീസ് ₹550/- രൂപ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

5. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 നവംബർ 18 മുതൽ വിഷയത്തിൽ 22 വരെ തീയതികളിൽ **“ശാസ്ത്രീയ പശു പരിപാലനം”** എന്ന വിഷയത്തിൽ അഞ്ചു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 2025 നവംബർ 18 ന് രാവിലെ 10 മണിക്ക് കോട്ടയം (Manorama Junction ന് സമീപം) ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീ 20/- രൂപ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം, ദിനബത്ത,അർഹമായ യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. ഫോൺ : 0481-2302223, മൊബൈൽ: 9447506934

**കാർഷിക നിർദേശം**

കാബേജ്, കോളിഫ്ളവർ തൈകൾക്ക് വളം ചെയ്യേണ്ട സമയമാണ്. ഒരു സെന്റിന് ഒന്നേകാൽ കിലോഗ്രാം യൂറിയ, എണ്ണൂറ് ഗ്രാം പൊട്ടാഷ് എന്ന തോതിൽ കലർത്തി ചെടിയൊന്നിന് 15-20 ഗ്രാം നൽകണം. കൂടാതെ ഇലതീനിപ്പുഴുക്കൾ വരാതിരിക്കാനുള്ള മുൻകരുതലായി

ff



ബ്യൂവേറിയ എന്ന കുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ചു കൊടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം